പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4845 22.3.2018 -ൽ മറുപടിയ്ക്ക്

## വിദേശ വിനോദ സഞ്ചാരികളെ കേരളത്തിലേയ്ക്ക് ആകർഷിക്കുന്നതിനായി പദ്ധതി

| ചോദ്യം<br>ശ്രീ.സി. ദിവാകരൻ<br>ശ്രീമതി.ഗീതാ ഗോപി<br>ശ്രീ.ഇ.ടി. ടൈസൺ മാസ്റ്റർ<br>ശ്രീ.കെ. രാജൻ : | | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ, സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ മന്ത്രി | |
|---|---|---|---|
| എ) | സംസ്ഥാനത്തിന്റെ വിനോദ സഞ്ചാര സാധ്യതകൾ വിദേശ രാജ്യങ്ങളിൽ പ്രചരിപ്പിക്കുന്നതിനും അവിടങ്ങളിൽ നിന്ന് കൂടുതൽ വിനോദ സഞ്ചാരികളെ ആകർഷിക്കുന്നതിനുമായി സർക്കാർ സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കുമോ ; | എ) | സംസ്ഥാനത്തിന്റെ വിനോദ സഞ്ചാര സാധ്യതകൾ വിദേശ രാജ്യങ്ങളിൽ പ്രചരിപ്പിക്കുന്നതിനും അവിടങ്ങളിൽ നിന്ന് കൂടുതൽ വിനോദ സഞ്ചാരികളെ ആകർഷിക്കുന്നതിനുമായി സംസ്ഥാന ടൂറിസം വകുപ്പ് വിവിധ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. മിഡിൽ ഈസ്റ്റ് ക്യാമ്പയിൻ വഴി ഗൾഫ് രാജ്യങ്ങളായ ദുബായ്, സൗദി അറേബ്യ, കുവൈറ്റ്, ഒമാൻ, മറ്റ് ഗൾഫ് രാജ്യങ്ങൾ എന്നിവിടങ്ങളിൽ പ്രചരണം നടത്തി കഴിഞ്ഞു. ഗൾഫ് രാജ്യങ്ങളിലെ ടാക്സി ബ്രാൻഡിംഗ്, മാൾ ബ്രാൻഡിംഗ്, പ്രിന്റ്/ടെലിവിഷൻ, മറ്റ് നൂതന പ്രചരണ മാധ്യമങ്ങൾ എന്നിവ വഴി കേരള ടൂറിസം പ്രചാരണം ഇവിടെ നടത്തി കഴിഞ്ഞു. അറേബ്യൻ ട്രാവൽ മാർട്ടിൽ കേരള ടൂറിസം പങ്കെടുത്ത് പ്രചാരണം നടത്തുന്നുണ്ട്. ഇതിനു പുറമേ പ്രൊമോഷണൽ കാമ്പയിൻ ഇൻ യൂറോപ്പ്, ഇന്റർനാഷണൽ മാർക്കറ്റ് കാമ്പയിൻ എന്നിവയും സംഘടിപ്പിച്ചു കഴിഞ്ഞു. ലണ്ടൻ ബസ് ബ്രാന്റിംഗ്, പാരീസ് മാൾ ബ്രാന്റിംഗ്, ഡ്രാമ തിയറ്റർ പരസ്യങ്ങൾ, ITB ബെർലിൻ വേദിയിൽ പരസ്യം എന്നിവയും നടത്തുന്നുണ്ട്. ഡെസ്റ്റിനേഷൻ ട്രാവൽ ഷോ വഴി കേരള ടൂറിസം പ്രചാരണം വിദേശ രാജ്യങ്ങളിലെ ടി.വി. ചാനലുകളിൽ നടന്നു വരുന്നു. വിദേശ രാജ്യങ്ങളായ സിംഗപ്പൂർ, മലേഷ്യ, ആസ്ത്രേലിയ, ന്യൂസിലാന്റ്, അമേരിക്ക എന്നിവിടങ്ങളിലും കേരള ടൂറിസം പരസ്യങ്ങൾ നൽകുന്നുണ്ട്. സൗത്ത് ഈസ്റ്റ് ഏഷ്യ കാമ്പയിനും വകുപ്പ് നടത്തുന്നുണ്ട്. യു.കെ, റഷ്യ, ഫ്രാൻസ്, ഏഷ്യൻ രാജ്യങ്ങൾ, അമേരിക്ക എന്നിവിടങ്ങളിലെ വിവിധ ട്രേഡ് ഫെയറുകളിൽ ടൂറിസം വകുപ്പ് പങ്കെടുത്തു വരുന്നു. വിവിധ രാജ്യങ്ങളിലെ ബി2ബി |

| | | | |
|---|---|---|---|
| | | | പാർട്ട്ണർഷിപ്പ് മീറ്റുകളിലും ടൂറിസം വകുപ്പ് പങ്കെടുത്ത് പ്രചരണം നടത്തി വരുന്നുണ്ട്. |
| ബി) | മലയാളികൾ ഏറെയുള്ള ഗൾഫ് രാജ്യങ്ങളിൽ നിന്ന് അറബി വിനോദ സഞ്ചാരികളെ കേരളത്തിലേയ്ക്ക് ആകർഷിക്കുന്നതിനായി സർക്കാർ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ;വിശദാംശങ്ങൾ അറിയിക്കുമോ ; | ബി) | മലയാളികൾ ഏറെയുള്ള ഗൾഫ് രാജ്യങ്ങളിൽ നിന്ന് അറബി വിനോദ സഞ്ചാരികളെ ആകർഷിക്കുന്നതിനായി വിവിധ ഗൾഫ് രാജ്യങ്ങളായ ദുബായ്, കുവൈറ്റ്, സൗദി അറേബ്യ, ഒമാൻ എന്നിവിടങ്ങൾ കേന്ദ്രീകരിച്ച് ടൂറിസം വകുപ്പ് മിഡിൽ ഈസ്റ്റ് കാമ്പയിൻ സംഘടിപ്പിച്ചു. മിഡിൽ ഈസ്റ്റ് ട്രാവൽ മാർക്കറ്റിൽ ടൂറിസം വകുപ്പ് പങ്കെടുത്ത് കേരള ടൂറിസം പ്രചരണം നടത്തുകയുണ്ടായി. |
| സി) | സാമ്പത്തിക ശക്തിയായ ചൈനയിൽ നിന്നും മറ്റ് കിഴക്കൻ ഏഷ്യൻ രാജ്യങ്ങളിൽ നിന്നും കൂടുതൽ വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിന് പദ്ധതിയുണ്ടോ;വ്യക്തമാക്കുമോ ; | സി) | കിഴക്കൻ ഏഷ്യൻ രാജ്യങ്ങളായ സിംഗപ്പൂർ, മലേഷ്യ എന്നിവിടങ്ങളിൽ ടൂറിസം വകുപ്പ് സൗത്ത് ഈസ്റ്റ് ഏഷ്യൻ കാമ്പയിൻ സംഘടിപ്പിച്ചു. ഇവിടത്തെ പത്രങ്ങളിൽ പരസ്യം നൽകാൻ പ്രിന്റ് കാമ്പയിനും സംഘടിപ്പിച്ചു. സിംഗപ്പൂർ, മലേഷ്യ എന്നിവിടങ്ങളിൽ ഔട്ട് ഓഫ് ഹോം, എയർപോർട്ട്/മാൾ ബ്രാന്റിംഗ് എന്നിവയും സംഘടിപ്പിച്ചു. ചൈനയിൽ കൂടുതൽ പ്രചരണം സംഘടിപ്പിക്കേണ്ടതുണ്ട്. സിംഗപ്പൂർ, മലേഷ്യ എന്നിവിടങ്ങളിലെ ഓൺലൈൻ/ടി.വി. മറ്റു സോഷ്യൽ മീഡിയകൾ എന്നിവയിലും പ്രചാരണം നടത്തിവരുന്നു. |
| ഡി) | ഇന്റർനെറ്റിലൂടെയും നവമാധ്യമങ്ങളിലൂടെയും കേരളാ ടൂറിസത്തിനെക്കുറിച്ചുള്ള പ്രചരണത്തിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ ? | ഡി) | പ്രതിവർഷം 50 ലക്ഷത്തോളം സന്ദർശകരും 21 ഭാഷകളിലും ഉള്ള കേരള ടൂറിസത്തിന്റെ വെബ്സൈറ്റ് ടൂറിസം പ്രചാരണത്തിന് മുഖ്യ ഉപാധിയാണ്. കേരള ടൂറിസത്തിന്റെ യൂ ട്യൂബ് ചാനലുകളിലും ഫേസ് ബുക്ക്, ട്വിറ്റർ, ഇൻസ്റ്റഗ്രാം എന്നിവ വഴിയും കേരള ടൂറിസം പ്രചാരണ പരിപാടികൾ സംഘടിപ്പിച്ചു വരുന്നുണ്ട്. കേരള ടൂറിസത്തിന്റെ തനത് കലകൾ ഇവ വഴി അവതരിപ്പിക്കുകയും ബ്രാന്റ് ചെയ്ത് നവ മാധ്യമങ്ങൾ വഴി അവതരിപ്പിക്കുകയും ചെയ്യുന്നുണ്ട്. ഇതിനു പുറമേ, ഹോളിഡേ-ഐക്യൂ, ട്രിപ്പ് അഡ്വൈസർ, ഭാരത് മാട്രിമോണി എന്നിവ വഴിയും കേരള ടൂറിസം പ്രചാരണം നടത്തുന്നുണ്ട്. നവ മാധ്യമങ്ങൾ വഴി കേരള ടൂറിസം നടത്തുന്ന ഏറ്റവും വലിയ പ്രചാരണമാണ് കേരള ബ്ലോഗ് എക്സ്പ്രസ്. |

**സെക്ഷൻ ഓഫീസർ**